REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 24-03-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **MSME സംരംഭങ്ങളുടെ നിക്ഷേപ - വിറ്റുവരവ് പരിധിയും വിഭാഗങ്ങളും പുതുക്കി കേന്ദ്രഗവൺമെന്റ് വിജ്ഞാപനം പുറപ്പെടുവിപ്പിച്ചു.**
- **കേരളത്തിലെ ലഹരി വിരുദ്ധപ്രവർത്തനങ്ങൾ ഉർജ്ജിതമാക്കാൻ ലക്ഷ്യമിട്ട് മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ രാവിലെ തിരുവനന്തപുരത്ത് ഉന്നതതല യോഗം.**
- **രാജീവ് ചന്ദ്രശേഖറെ BJP സംസ്ഥാന പ്രസിഡന്റായി ഇന്ന് ഔദ്യോഗികമായി പ്രഖ്യാപിക്കും.**
- **ഇന്ന് ലോക ക്ഷയരോഗ ദിനം.**
- **ലോക കബഡി ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ പുരുഷ- വനിതാ ടീമുകൾ കിരീടം സ്വന്തമാക്കി.**

## വാർത്തകൾ വിശദമായി

MSME സംരംഭങ്ങളുടെ നിക്ഷേപ - വിറ്റുവരവ് പരിധിയും വിഭാഗങ്ങളും പുതുക്കി കേന്ദ്രഗവൺമെന്റ് വിജ്ഞാപനം പുറപ്പെടുവിപ്പിച്ചു. ഏപ്രിൽ ഒന്നിന് പുതിയ വ്യവസ്ഥകൾ പ്രാബല്യത്തിൽ വരും.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

.........വോയ്സ്......

രണ്ടരക്കോടി രൂപയുടെ വരെ നിക്ഷേപത്തോടെ ആരംഭിക്കുന്നവയെ മൈക്രോ സംരംഭങ്ങളാക്കി മാറ്റിയിട്ടുണ്ട്. നേരത്തെ ഇത് ഒരു കോടി

രൂപയായിരുന്നു. ഇവയുടെ വിറ്റുവരവ് പരിധി അഞ്ചുകോടിയിൽ നിന്ന് പത്തുകോടി രൂപയായും ഉയർത്തി.

25 കോടി രൂപ വരെ നിക്ഷേപിക്കുന്ന സംരംഭങ്ങളെ ചെറുകിട വിഭാഗത്തിൽ ഉൾപ്പെടുത്തി. നേരത്തെ നിക്ഷേപ പരിധി പത്തുകോടി രൂപയായിരുന്നു. ഇവയുടെ വിറ്റുവരവ് പരിധി 50 കോടി രൂപയിൽ നിന്ന് 100 കോടി രൂപയാക്കി.

ഇടത്തര സംരംഭങ്ങൾക്ക് 125 കോടി രൂപ വരെ നിക്ഷേപം അനുവദിച്ചു. നേരത്തെ ഇത് 50 കോടി രൂപയായിരുന്നു. ഇവയുടെ വിറ്റുവരവ് പരിധി 500 കോടി രൂപയാക്കി.

✪✪✪

കേരളത്തിലെ ലഹരി വിരുദ്ധപ്രവർത്തനങ്ങൾ ഉർജ്ജിതമാക്കാൻ നടപടികൾ ആവിഷ്കരിക്കുന്നതിന് മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ ഇന്ന് തിരുവനന്തപുരത്ത് ഉന്നതതല യോഗം ചേരും. നിയമസഭാ ചേംബറിൽ രാവിലെ 11.30 നാണ് യോഗം.

മന്ത്രിമാരും, പൊലീസ്-എക്സൈസ് ഉന്നത ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുക്കും. ലഹരി വ്യാപനത്തിനെതിരെ ഇതുവരെ സ്വീകരിച്ച നടപടികൾ യോഗം വിലയിരുത്തും.

✪✪✪

ഹരിതകേരളം മിഷൻ സംഘടിപ്പിക്കുന്ന രണ്ടുദിവസത്തെ പരിസ്ഥിതി സംഗമം തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഉദ്ഘാടനം ചെയ്യും. നവകേരളത്തിനായി ജലസുരക്ഷ സമീപന രേഖയും മുഖ്യമന്ത്രി പ്രകാശനം ചെയ്യും.

✪✪✪

രാജീവ് ചന്ദ്രശേഖറെ BJP സംസ്ഥാന പ്രസിഡന്റായി ഇന്ന് ഔദ്യോഗികമായി പ്രഖ്യാപിക്കും. തിരുവനന്തപുരത്ത് രാവിലെ ചേരുന്ന സംസ്ഥാന സമിതി യോഗത്തിന് ശേഷമായിരിക്കും ഔദ്യോഗിക പ്രഖ്യാപനം.

ഇന്നലെ തിരുവനന്തപുരത്ത് കോർ കമ്മിറ്റി യോഗത്തിൽ അദ്ദേഹത്തെ പാർട്ടി സംസ്ഥാന പ്രഡിന്റായി തിരഞ്ഞെടുത്തിരുന്നു.

തുടർന്ന് സംസ്ഥാന കാര്യാലയത്തിലെത്തി സംസ്ഥാന പ്രസിഡന്റ് സ്ഥാനത്തേക്ക് രാജീവ് ചന്ദ്രശേഖർ വരണാധികാരി നാരായണൻ നമ്പൂതിരിക്കു നാമനിർദ്ദേശപത്രിക സമർപ്പിച്ചു. 30 അംഗ ദേശീയ കൗൺസിൽ അംഗങ്ങളും നാമനിർദേശ പത്രിക നൽകിയിട്ടുണ്ട്.

കേന്ദ്ര സഹമന്ത്രിമാരായ സുരേഷ് ഗോപിയും ജോർജ് കുര്യനും മുൻ കേന്ദ്ര സഹമന്ത്രി V മുരളീധരനും സംസ്ഥാന പ്രസിഡന്റ് K സുരേന്ദ്രനും ഉൾപ്പെടെ പ്രമുഖർ പത്രികാ സമർപ്പണ വേളയിൽ എത്തിയിരുന്നു.

✪✪✪

ഇന്ന് ലോക ക്ഷയരോഗ ദിനം. ക്ഷയരോഗത്തിന്റെ ഗുരുതര പ്രത്യാഘാതങ്ങളെക്കുറിച്ച് അവബോധം വളർത്താനും ആഗോളതലത്തിൽ ക്ഷയരോഗം ഇല്ലാതാക്കാനും ശ്രമങ്ങൾ ശക്തിപ്പെടുത്താനുമാണ് എല്ലാ വർഷവും മാർച്ച് 24ന് ലോക ക്ഷയരോഗ ദിനം ആചരിക്കുന്നത്.

ഡെസ്ക് റിപ്പോർട്ട്

........വോയ്സ്.........

1882 ൽ ഡോ. റോബർട്ട് കോച്ച് ടൂബർക്കുലോസിസ് ബാക്ടീരിയയെ കണ്ടെത്തിയ ദിവസം അനുസ്മരിക്കാനാണ് ദിനാചരണത്തിന് ഈ തിയ്യതി തെരഞ്ഞെടുത്തത്.

ഇന്ത്യയിലെ ക്ഷയരോഗബാധ ഇല്ലാതാക്കാൻ കേന്ദ്ര ഗവണ്മെന്റ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ക്ഷയരോഗ നിർണ്ണയം വേഗത്തിലാക്കാനും, രോഗികൾക്ക് സൗജന്യ മരുന്നും പോഷകാഹാരവും നൽകുന്നതിന് പുറമെ നി-ക്ഷയ് പോഷൻ യോജനയിൽ പ്രതിമാസം ആയിരം രൂപയും രോഗികൾക്ക് നൽകി വരുന്നു. മരണനിരക്ക് കുറയ്ക്കാനും, പുതിയ രോഗബാധ തടയാനും 100 ദിവസ ക്ഷയരോഗ നിർമാർജന കാമ്പെയ്നും പുരോഗമിച്ചു വരികയാണ്.

ലോകാരോഗ്യ സംഘടനയുടെ 2024 ലെ ആഗോള റിപ്പോർട്ട് അനുസരിച്ച്, ഇന്ത്യയിലെ രോഗ നിരക്കിൽ 17.7 ശതമാനം കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്.

“നമുക്ക് ക്ഷയരോഗം അവസാനിപ്പിക്കാൻ കഴിയും. പ്രതിജ്ഞാബദ്ധരാകുക,നിക്ഷേപിക്കുക, വിതരണം ചെയ്യുക" എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

✪✪✪

ലോക ക്ഷയരോഗ ദിനാചരണവും 100 ദിന കർമ്മ പരിപാടി സമാപനവും തിരുവനന്തപുരത്ത് മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യും. ക്ഷയരോഗം ഇല്ലാതാക്കാൻ എല്ലാവരുടെയും ഒത്തൊരുമിച്ച പ്രവർത്തനം അനിവാര്യ മാണെന്ന് മന്ത്രി പറഞ്ഞു.

ഡിസംബർ 7 മുതൽ ഈ മാസം 17 വരെ സംഘടിപ്പിച്ച 100 ദിവസത്തെ ക്യാമ്പയിനിലൂടെ 5,588 ക്ഷയരോഗ ബാധിതരെ കണ്ടെത്തി തുടർചികിത്സ ഉറപ്പാക്കാനായതായി മന്ത്രി അറിയിച്ചു.

✪✪✪

വയനാട് പുനരധിവാസ ടൗൺഷിപ്പ് ഒന്നാംഘട്ട ഗുണഭോക്തൃ പട്ടികയിൽപെട്ടവർക്ക് സമ്മതപത്രം നൽകാൻ നൽകിയ സമയപരിധി ഇന്ന് അവസാനിക്കും. ഇന്നലെ വരെ 122 പേരാണ് സമ്മതപത്രം നൽകിയത്.

ഗുണഭോക്താക്കളുടെ അന്തിമ പട്ടിക ഏപ്രിൽ 20ന് പ്രസിദ്ധീകരിക്കും.

✪✪✪

മുസ്ലീം ലീഗിന്റെ വയനാട് പുനരധിവാസ പദ്ധതിയുടെ ഭാഗമായ ഭവന നിർമാണത്തിന് ഏപ്രിൽ ഒമ്പതിന് തുടക്കമാകും. ലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ തറക്കല്ലിടും. മേപ്പാടിയിൽ പത്തര ഏക്കർ ഭൂമിയിലാണ് 105 കുടുംബങ്ങൾക്ക് മുസ്ലീം ലീഗ് വീട് വെച്ചുനൽകുന്നത്. എട്ട് സെന്റിൽ ആയിരം സ്വകയർഫീറ്റ് വീടുകളാണ് നിർമിക്കുന്നത്. വീടുകളിലേക്ക് റോഡ്, കുടിവെള്ള സൗകര്യങ്ങളും ഒരുക്കുമെന്ന് സംസ്ഥാന ജനറൽ സെക്രട്ടറി PMA സലാം അറിയിച്ചു.

✪✪✪

കേരളത്തിലെ സാമൂഹ്യസുരക്ഷാ - ക്ഷേമനിധി പെൻഷൻ ഗുണഭോക്താക്കൾക്ക് ഒരു ഗഡു പെൻഷൻ കൂടി അനുവദിച്ചു. ഇതിനായി 817 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് മന്ത്രി KN ബാലഗോപാൽ തിരുവനന്തപുരത്ത് അറിയിച്ചു. പെൻഷൻ വിതരണം വ്യാഴാഴ്ച ആരംഭിക്കും.

✪✪✪

പിണറായി വിജയന്റെ നേതൃത്വത്തിൽ മൂന്നാം LDF ഗവൺമെന്റ് വീണ്ടും അധികാരത്തിൽ വരുമെന്ന് മന്ത്രി VN വാസവൻ കാസർകോട്ട് പറഞ്ഞു. പരസ്പരം കണ്ടുകൂടാത്ത UDF നേതാക്കൾ മുഖ്യമന്ത്രി സ്ഥാനം സ്വന്തമാക്കുന്നതിനെപറ്റി ചിന്തിക്കുന്ന തിരക്കിലാണെന്നും അദ്ദേഹം പരിഹസിച്ചു.

ചീമേനി രക്തസാക്ഷി ദിനാചരണത്തിന്റെ ഭാഗമായി അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

പ്രദേശിക ഭരണകൂടങ്ങളെ ശക്തിപ്പെടുത്തി വികസനത്തിന് വേഗം കൂട്ടുകയാണ് ഗവൺമെന്റ് നയമെന്ന് മന്ത്രി PA മുഹമ്മദ് റിയാസ് പറഞ്ഞു. ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ കോഴിക്കോട് ജില്ലാതല കൂടിയാലോചനായോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

ലോക കബഡി ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ പുരുഷ- വനിതാ ടീമുകൾ കിരീടം സ്വന്തമാക്കി. ഇംഗ്ലണ്ടിലെ വോൾവർ ഹാംപ്ടണിൽ ഇരു ടീമുകളും ഇംഗ്ലണ്ടിനെയാണ് തോൽപ്പിച്ചത്.

✪✪✪

IPL ട്വന്റി 20 ക്രിക്കറ്റിൽ ചെന്നൈ സൂപ്പർ കിംഗ്സ് മുംബൈ ഇന്ത്യൻസിനെ നാല് വിക്കറ്റിന് തോൽപ്പിച്ചു. നേരത്തെ മറ്റൊരു മത്സരത്തിൽ സൺ റൈസേഴ്സ് ഹൈദരാബാദ് രാജസ്ഥാൻ റോയൽസിനെ 44 റൺസിന് തോൽപ്പിച്ചു.

ഇന്ന് ഡൽഹി ക്യാപിറ്റൽസ് ലഖ്നൗ സൂപ്പർ ജയന്റ്സിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് വിശാഖപട്ടണത്താണ് മത്സരം.

✪✪✪

ദേശീയ മാരിടൈംസ് ഗെയിംസ് 2025ന് നവീമുംബൈയിൽ തുടക്കമായി. ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റ് കൂടിയായ ഒളിമ്പ്യൻ PT ഉഷ ഉദ്ഘാടനം ചെയ്തു. ഇന്ത്യൻ നാവിക സേനയുടെ ശക്തിയും കായിക മത്സരങ്ങളുടെ ആവേശവും ഒത്തുചേർന്ന പരിപാടിയാണിതെന്ന് PT ഉഷ പറഞ്ഞു.

✪✪✪

ഖേലോ ഇന്ത്യ പാരാ ഗെയിംസ് മത്സരങ്ങൾ ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു. 28 സ്വർണ്ണം ഉൾപ്പടെ 91 മെഡലുകളുമായി ഹരിയാനയാണ് ഒന്നാം സ്ഥാനത്ത്. 24 സ്വർണവുമായി തമിഴ്നാട് രണ്ടാമതും 20 സ്വർണവുമായി രാജസ്ഥാൻ മൂന്നാം സ്ഥാനത്തുമാണ്.

✪✪✪

കടൽ മണൽ ഖനനത്തെ  ഒറ്റക്കെട്ടായി നേരിടുമെന്ന് പ്രതിപക്ഷനേതാവ് VD സതീശൻ വ്യക്തമാക്കി. പദ്ധതി ഉപേക്ഷിക്കണമെന്നാവശ്യപ്പെട്ട് കടലോര ജാഗ്രത സമിതി സംഘടിപ്പിച്ച മൂന്നു ദിവസത്തെ ബോധന യാത്രയുടെ സമാപന സമ്മേളനം ആലപ്പുഴയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

രാജ്യത്തെ ഏറ്റവും വലിയ മത്സ്യസമ്പത്തിന്റെ കലവറയായ വർക്കല മുതൽ ആലപ്പുഴ വരെ കൊല്ലം പരപ്പിൽ ആണ് ആദ്യഘട്ടത്തിൽ കടൽ മണൽ ഖനനം ചെയ്യുന്നത്. ഇത്  മത്സ്യസമ്പത്തിനേയും കടലിലെ ആവാസ വ്യവസ്ഥയേയും തകർക്കുമെന്ന് സതീശൻ പറഞ്ഞു.

മണൽ ഖനന തീരുമാനത്തിനെതിരെ എതിർപ്പുമായി മുന്നോട്ടുപോകുമെന്നു ചടങ്ങിൽ അധ്യക്ഷനായിരുന്ന ആലപ്പുഴ രൂപത ബിഷപ് ഡോ.ജയിംസ് ആനാപറമ്പിൽ പറഞ്ഞു.

✪✪✪

ഹൈബ്രിഡ് കഞ്ചാവുമായി രണ്ടു യുവാക്കളെ ആറന്മുള പോലീസ് അറസ്റ്റ് ചെയ്തു. കോഴഞ്ചേരി പാലത്തിനു സമീപം പോലീസ് പരിശോധനയിൽ കോട്ടയം സ്വദേശി ഫെബിൻബിജു, പ്രമാടം സ്വദേശി സൗരവ് S.ദേവ് എന്നിവരാണ് അറസ്റ്റിലായത്.

പത്തനംതിട്ട ജില്ലയിൽ കഞ്ചാവുമായി അസം സ്വദേശി ഉൾപ്പെടെ മറ്റ് എട്ടുപേരെ കൂടി പോലീസ് പിടികൂടിയിട്ടുണ്ട്.

✪✪✪

കഴിഞ്ഞ ഡിസംബറിൽ ചിറയൻ കീഴിൽ 127 ഗ്രാം MDMA പിടികൂടിയ സംഭവത്തിൽ മുഖ്യപ്രതിയെ ബംഗലൂരുവിൽ നിന്ന് കേരള പൊലീസ് പിടികൂടി. പത്തനംതിട്ട കരിമ്പാനക്കുഴിയിലെ അലൻഫിലിപ്പാണ് കസ്റ്റഡിയിലായത്. ബംഗലൂരുവിൽ സ്ഥിര താമസമാക്കിയ പ്രതി കേരളത്തിലേക്കും തമിഴ്നാട്ടിലേക്കും MDMA വിതരണം ചെയ്യുന്ന സംഘത്തിലെ പ്രധാനിയാണ്.

✪✪✪

നിരോധിത പുകയില ഉത്പന്നങ്ങളുമായി ഒരാളെ തൊടുപുഴ പൊലീസ് പിടികൂടി. കുന്നംകടപ്ലാക്കൽ റഹീമിനെയാണ് വീട്ടിൽ ചാക്കിൽകെട്ടി സൂക്ഷിച്ചിരുന്ന രണ്ടായിരത്തോളം പാക്കറ്റ് നിരോധിത പുകയില ഉത്പന്നങ്ങളുമായി പിടികൂടിയത്.

✪✪✪

E- മുറ്റം ഡിജിറ്റൽ സാക്ഷരതാ പദ്ധതിയിൽ മലപ്പുറം ജില്ലയിലെ ആദ്യ ഡിജിറ്റൽ സാക്ഷരതാ പഞ്ചായത്തായി ആലിപ്പറമ്പിനെ പ്രഖ്യാപിച്ചു. ചടങ്ങിൽ മുതിർന്ന പഠിതാക്കളെ ആദരിക്കുകയും ചെയ്തു.

✪✪✪

സംസ്ഥാനത്തെ ആശാ വർക്കർമാരുടെ സെക്രട്ടേറിയറ്റ് പടിക്കലെ അനിശ്ചിതകാല നിരാഹാര സമരം അഞ്ചാം ദിവസത്തേക്ക് കടന്നു. ഇന്ന് ആശാ പ്രവർത്തകർ സെക്രട്ടേറിയറ്റിന് മുന്നിൽ കൂട്ട ഉപവാസം നടത്തും. ആശാപ്രവർത്തകർക്ക് ഒപ്പം പൊതുപ്രവർത്തകരും ഉപവാസത്തിൽ പങ്കെടുക്കും.

ആശാ പ്രവർത്തകരുടെ രാപ്പകൽ സമരം 42 ദിവസം പിന്നിട്ടു. ഫെബ്രുവരി 10നാണ് രാപകൽ സമരം തുടങ്ങിയത്.

✪✪✪

എഴുത്തുകാരൻ TN പ്രകാശ് സ്മാരക പുരസ്കാരങ്ങൾ ഇന്ന് കണ്ണൂരിൽ സമ്മാനിക്കും. ഷനോജ് R.ചന്ദ്രൻ, KS ആർദ്ര എന്നിവർക്ക് കഥാകൃത്ത് T.പദ്മനാഭൻ പുരസ്കാരം കൈമാറും. വൈകിട്ട് കണ്ണൂർ ശിക്ഷക് സദനിലാണ് ചടങ്ങ്.

✪✪✪

ബേപ്പൂരിലെ വൈക്കം മുഹമ്മദ് ബഷീർ സ്മാരകമായ "ആകാശ മിഠായി "ഒന്നാം ഘട്ടം നിർമാണം പൂർത്തിയാക്കാൻ പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിച്ചു. രണ്ട് കോടി 70 ലക്ഷത്തിൽ പരം രൂപ നിർമാണത്തിന് കൂടുതലായി അനുവദിച്ചിട്ടുണ്ട്.

✪✪✪

*News Reader: അനിൽ ചന്ദ്രൻ*
*News Team: സബിത ആനന്ദ്, സയ്യിദ് അലി ശിഹാബ്*
*DEO: സുബോധ് സി കെ*